(സി) 3 (മൂന്ന്) അതിൽ കൊല്ലം ജില്ലാ ആശുപത്രിയുടെ പവർ ലാൻട്രി മാത്രം ഭാഗികമായി പ്രവർത്തനക്ഷമമാണ്. കേടായ ഉപകരണങ്ങൾ നന്നാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പവർ ലാൻട്രികൾ വാങ്ങിയിട്ടില്ല.

പി. എച്ച്. സെന്ററുകളിലെ ഐ. പി. സംവിധാനം

133 [138] ശ്രീ. എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി. എച്ച്. സെന്ററുകളിൽ ഐ. പി. സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ?

ഉത്തരം

(എ) 201 പി. എച്ച്. സി.-കളിൽ 61 എണ്ണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ. പി. ആരംഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഐ. പി. യൂണിറ്റ് പുനഃസ്ഥാപിക്കാൻ നടപടി

134 [139] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. പി. യൂണിറ്റുകൾ നിറുത്തലാക്കിയ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളിൽ, എ. പി. യൂണിറ്റ് പുനഃസ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവു വന്നിട്ടുള്ള തസ്തികകളിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരെയാണ് പുതുതായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിയമനം എത്ര കാലത്തിനകം നടക്കുമെന്നും എത്ര കാലത്തിനകം ഐ. പി. യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കുമെന്നും വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം ജില്ലയിൽ വടക്കേവിള, പാലത്തറ പി.എച്ച്.സി.-യിലെ ഐ.പി. യൂണിറ്റും, ചവറ തെക്കുംഭാഗം പി.എച്ച്.സി.-യിലെ ഐ.പി. യൂണിറ്റും പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly